പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1385 02.05.2017-ലെ മറുപടിക്ക്

## മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഓടാത്ത ബസുകൾ

ചോദ്യം
ശ്രീ.ഒ. ആർ. കേളു

ഉത്തരം
തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാനന്തവാടി കെ.എസ്.ആർ. ടി.സി. ഡിപ്പോയ്ക്ക് അനുവദിച്ച അഞ്ച് സൂപ്പർ ഡീലക്സ് ബസുകൾ മാസങ്ങളായി ഓടാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ബസുകൾ ഓടാത്തതിന്റെ കാരണം വ്യക്തമാക്കുമോ ? | (ബി) | മാനന്തവാടിയിൽ നിന്നും രണ്ടു ബസ്സുകൾ ഉപയോഗിച്ച് പത്തനംതിട്ടയിലേക്ക് പുതിയ സർവ്വീസ് ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മറ്റ് മൂന്ന് ബസ്സുകൾ, കെ.എസ്.ആർ.ടി.സി പുതുതായി ആരംഭിക്കുന്ന കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം യാത്ര ചെയ്യുന്ന "മിന്നൽ" എന്ന തരം ഡീലക്സ് സർവ്വീസുകൾക്കായാണ് അനുവദിച്ചിരുന്നത്. എന്നാൽ ടി സർവ്വീസുകളുടെ ഔദ്യോഗിക ഉത്ഘാടനം കഴിഞ്ഞിട്ടില്ലാത്തതിനാലും ടി ബസ്സുകൾക്ക് പകരം പ്രത്യേകം രൂപകൽപ്പന ചെയ്ത പുതിയ തരം ബസ്സുകൾ ലഭ്യമാക്കേണ്ടതിനാലും പഴയ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ